## ഇലക്ട്രോണിക് മാലിന്യ സംസ്കരണം

305 (307) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്കരണത്തിനു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അത് ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഇലക്ട്രോണിക് മാലിന്യങ്ങളുടെ പുനരുപയോഗത്തിന് സംവിധാനം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഇലക്ട്രോണിക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ക്ലീൻ കേരള കമ്പനി മുഖേന സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുവാൻ, കേന്ദ്ര-സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകളുടെ അംഗീകാരമുള്ള ഹൈദരാബാദ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി, ക്ലീൻ കേരള കമ്പനി കരാറിൽ ഏർപ്പെടുകയും സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളിൽനിന്നും ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിച്ചുതുടങ്ങുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് നിലവിൽ ഇ-മാലിന്യം ശേഖരിച്ച് അന്യ സംസ്ഥാനത്തുള്ള അംഗീകൃത റീസൈക്ലർ/ഡിസ്മാന്റ്ലർക്ക് നൽകുന്നതിന് നാല് ഇ-മാലിന്യ ശേഖരണ സെന്ററുകൾക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## മുല്ലപ്പെരിയാർ - പാരിസ്ഥിതിക നിയമ ലംഘന കേസ്

306 (308) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ കേസിൽ സുപ്രീംകോടതിയിൽ നൽകിയ പുനരവലോകന ഹർജിയിൽ ഏതെല്ലാം വിഷയങ്ങളാണ് ഉന്നയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1970-ലെ ഫോറസ്റ്റ് ആക്ടിന്റെ വയലേഷൻ റിവ്യൂ ഹർജിയിൽ വൈൽഡ് ലൈഫ് ആക്ടിന്റെ ലംഘനങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ ;

(സി) പാരിസ്ഥിതിക നിയമത്തിന്റെ ലംഘനങ്ങൾ ചൂണ്ടിക്കാണിച്ച് ഇടുക്കിയിലെ ആദിവാസി മന്നൻ, ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തത് സുപ്രീംകോടതിയ്ക്ക് റഫർ ചെയ്തശേഷം അതിൻമേൽ സർക്കാർ കക്ഷി ചേരുകയോ അതിലെ വാദമുഖങ്ങൾ റിവ്യൂഹർജിയിൽ ഉന്നയിക്കുകയോ ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) കേരളവും തമിഴ്നാടും തമ്മിലുള്ള O.S. No. 3/2006-ാം കേസിന്റെ 7-5-2014-ലെ വിധി പുനഃപരിശോധിക്കുക, ഈ വിഷയവുമായി ബന്ധപ്പെട്ട് യോജിച്ച രീതിയിൽ ഉത്തരവോ, ഉത്തരവുകളോ ബഹു. സുപ്രീം കോടതി പുറപ്പെടുവിക്കുക എന്നിവയാണ് ആവശ്യങ്ങൾ.

(ബി) ഇല്ല. 2006-ലെ ബഹു. സുപ്രീം കോടതി വിധിന്യായത്തിൽ ഈ നിയമങ്ങളെല്ലാം തന്നെ പരിഗണിച്ചിട്ടുണ്ട്. 2014-ലെ വിധിന്യായത്തിലും മുൻ വിധിന്യായം പരിഗണിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പുനഃപരിശോധനാ ഹർജിയിൽ ടി കാര്യം വീണ്ടും ചൂണ്ടിക്കാണിക്കേണ്ടതില്ലായെന്ന് ബഹു. സുപ്രീം കോടതിയിലെ സർക്കാർ അഭിഭാഷകൻ അഭിപ്രായപ്പെട്ടിരുന്നു.

(സി) ബഹുമാനപ്പെട്ട സുപ്രീം കോടതിയിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത കേസുകളിൽ കേരളത്തിന്റെ വാദങ്ങൾ ശക്തിപ്പെടുത്തുന്നതിനായി കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി തയ്യാറാക്കിയ "Environmental & Research Impact Assessment of increasing the water level at Periyar lake in Periyar Tiger Reserve from 136 ft to 152 ft" എന്ന പഠന റിപ്പോർട്ട് എക്സിബിറ്റ് ആയി ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരുന്നു. ടി റിപ്പോർട്ടിൽ ജലനിരപ്പിന്റെ ഉയർത്തൽ വനം വന്യജീവികളുടെയും മനുഷ്യരുടെയും ആവാസ വ്യവസ്ഥയ്ക്ക് ഉണ്ടാക്കുന്ന ആഘാതങ്ങളെക്കുറിച്ച് സവിസ്തരം പ്രതിപാദിച്ചിരുന്നു. ആദിവാസി മന്നൻ വികസന സമിതി കേരള തമിഴ്നാട് സർക്കാരുകൾക്കെതിരായി ഫയൽ ചെയ്തിരുന്ന കേസുകൾ ബഹു. സുപ്രീം കോടതിയിലേയ്ക്ക് മാറ്റുകയും WP-386/2001 (Mullaperiyar Environmental Protection Forum Vs Union of India & others) എന്ന കേസിനോടൊപ്പം തീർപ്പാക്കുകയും ചെയ്തു. തമിഴ്നാട് ബഹു. സുപ്രീം കോടതിയിൽ O.S. No. 3/2006 കേസ് ഫയൽ ചെയ്തപ്പോൾ വനം വന്യജീവി ആദിവാസി സംരക്ഷണം സംബന്ധിച്ച കേരളത്തിന്റെ വാദങ്ങൾക്ക് മൂർച്ചകൂട്ടുന്നതിനായി Regional Vice Chairman (South Asia) Commission on

LIBRARY ARCHIVES Kerala Legislative Assembly

Eco system Management IUCN, ഡോ. ധ്രുബജ്യോതി ഘോഷ് ചെയർമാനായി ഒരു നാഷണൽ എക്സ്പേർട്ട് കമ്മിറ്റി രൂപീകരിക്കുകയും വിവിധ വന്യജീവി നിയമങ്ങളെ സംബന്ധിച്ചും ജലനിരപ്പ് ഉയർത്തുന്ന പക്ഷം ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറിച്ചും പ്രതിപാദിച്ചുകൊണ്ട് "An Assessment of the Ecological Impact of water level increases at Mullaperiyar Dam" എന്ന കമ്മിറ്റി റിപ്പോർട്ട് ബഹു. സുപ്രീം കോടതിയിൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ കേസ് പരിഗണിച്ച കോടതി കേരളത്തിന്റെ ഈ വാദങ്ങൾക്ക് യാതൊരുവിധത്തിലുള്ള പ്രാധാന്യവും നൽകിയില്ല. ജലനിരപ്പ് ഉയരുന്നത് വനം വന്യജീവികൾക്ക് കൂടുതൽ അനുകൂലമായിരിക്കും എന്നാണ് കോടതി നിരീക്ഷിച്ചത്.

**മുല്ലപ്പെരിയാർ - ജലനിരപ്പ് വർദ്ധനവ് മൂലമുള്ള ആവാസ- പാരിസ്ഥിതിക പ്രശ്നങ്ങൾ**

307 (309) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലത്തിന്റെ ഉയരം 136 അടിയിൽ നിന്നും 142 അടിയായി ഉയർത്തിയതിനുശേഷം എത്ര ഏക്കർ വനം വെള്ളത്തിൽ മുങ്ങി നശിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമൂലം അവിടുത്തെ വന്യജീവി സങ്കേതത്തിലെ ആവാസ വ്യവസ്ഥയ്ക്ക് എന്തെല്ലാം ആഘാതങ്ങളാണ് സംഭവിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(സി) ഈ സ്ഥലത്ത് ജലനിരപ്പ് വർദ്ധിച്ചതിന്റെ ഭാഗമായി എത്ര ആദിവാസി കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) വനം - വന്യജീവി സംരക്ഷണവും ആദിവാസികളുടെ ആവാസ സുരക്ഷയും സംസ്ഥാനത്തിന് അകത്തും പുറത്തും സുപ്രീംകോടതി പ്രത്യേക സംരക്ഷണം നൽകി നടപ്പിലാക്കിയ സാഹചര്യത്തിൽ , സാർവ്വദേശീയ നിയമം എന്ന നിലയ്ക്ക് ആദിവാസി ഊരുകളുടെ സംരക്ഷണം, വനം-വന്യജീവി സംരക്ഷണം എന്നീ കാര്യങ്ങളിൽ മുല്ലപ്പെരിയാർ വിഷയത്തിൽ മാത്രം സംസ്ഥാന ഗവൺമെന്റിന് കോടതിയിൽ ഫലപ്രദമായി ഇടപെടാൻ സാധിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly